ശ്രദ്ധക്ഷണിക്കൽ

(1) നിയമവിരുദ്ധമായ കരിമണൽഖനനം

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ ജനങ്ങളെ അതീവഗുരുതര മായി ബാധിക്കുന്ന ഒരു പ്രശ്നത്തിനുനേരെ സഭയുടെ ശ്രദ്ധ ക്ഷണിക്കുക യാണ്. കേരളത്തിലെ തീരപ്രദേശങ്ങളിൽ പ്രകൃതിയുടെ വരദാനമായി ലഭിച്ചി ട്ടുള്ളതാണ് അസുലഭമായ ഈ കരിമണൽ നിക്ഷേപം. നൂറ്റാണ്ടുകളായി കേരളത്തിലെ ഈ പ്രകൃതി വിഭവം ചൂഷണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്ത് മാറിമാറി വന്ന ഗവൺമെന്റുകൾ പരാജയപ്പെട്ടിരിക്കുകയാണ്. അതിന്റെ ഫലമായി അതിരൂക്ഷമായ നിലയിൽ കരിമണൽ കൊള്ളയടിക്കുന്ന സംഭവങ്ങളിലേയ്ക്ക് ഇപ്പോൾ സ്ഥിതി മാറികഴിഞ്ഞിരിക്കുന്നു. പ്രത്യേകിച്ച് കരുനാഗപ്പള്ളി, കൊല്ലം-ആലപ്പുഴ ജില്ലകളിലെ തീരപ്രദേശങ്ങളിലാണ് വ്യാപ കമായി കരിമണൽ കാണപ്പെടുന്നത്. ഈ കരിമണൽ ഖനനം ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ കിട്ടുമെന്നുള്ള വമ്പിച്ച പ്രതീക്ഷയോടുകൂടിയാണ് മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ വന്നത്. അതിൽ ചവറയിലെ കെ.എം.എം.എൽ. ഉം തിരുവനന്തപുരത്തെ ടി.ടി.പി.യും സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണ ത്തിലുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന്റെ, പ്രധാനമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള മറ്റൊരു പൊതുമേഖലാ സ്ഥാപനമാണ് ഐ.ആർ.ഇ.

പൊതുവെ ഇൻഡ്യയിലെ മുഴുവൻ ധാതുലവണങ്ങളും കൈകാര്യം ചെയ്യാനും ഖനനം ചെയ്യാനും ഉപയോഗിക്കാനുമുള്ള പരമാധികാരം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ്. കേന്ദ്ര ഗവൺമെന്റ് ഇത് പൂർണ്ണമായും വിനിയോഗിക്കുമെന്നുള്ള ധാരണയിലാണ് കേരളത്തിലെ ഗവൺമെന്റ് മുൻക

യ്യെടുത്ത് ഐ.ആർ.ഇ. സ്ഥാപിക്കാനുള്ള സഹകരണമുണ്ടായത്. ഇതിനാവശ്യമായ ഭൂമി ലീസിനെടുക്കാനും ഖനനം ചെയ്യാനുമുള്ള അനുവാദവും സംസ്ഥാന ഗവൺമെന്റിന്റെ കയ്യിൽ നിന്ന് കേന്ദ്രം നേടുകയുണ്ടായി. ഈ മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത സാധനം കരിമണലാണ്. അത് സെപ്പറേഷൻ ചെയ്യുക എന്നുള്ള പ്രോസസ്സ് മാത്രമാണ് ഈ കമ്പനികൾ ചെയ്തത്. എന്നാൽ അവിടെ ഇപ്പോൾ ആവശ്യമായ കരിമണൽ ഖനനം നിയമപരമായി നടക്കുന്നില്ല. അതിന്റെ ഫലമായി ഐ.ആർ.ഇ.-യിലും കെ.എം.എം.എൽ.-ലും തൊഴിൽ സ്തംഭനമുണ്ട്. ടി.ടി.പി.യുടെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നില്ല. വൻവില കൊടുത്ത് ടി.ടി.പി. മറ്റ് സംസ്ഥാനത്തുനിന്ന് എങ്ങനെയാണ് കരിമണൽ വാങ്ങുന്നതെന്നറിയില്ല. കരിമണൽ ഇവിടെ ഇറക്കുമതി ചെയ്യുകയാണ്. കൊല്ലത്തെ ചവറയിലും തീരപ്രദേശങ്ങളിലും കരിമണൽ ഇഷ്ടംപോലെയുള്ളപ്പോൾ ടി.ടി.പി. പ്രവർത്തിക്കണമെങ്കിൽ കരിമണൽ വെളിയിൽ നിന്ന് വാങ്ങുന്ന ഒരു അവസ്ഥ ഇവിടെ ഉണ്ട്. അതിനെ സംബന്ധിക്കുന്ന ഞെട്ടിപ്പിക്കുന്ന അഴിമതികളുടെ കഥകളും മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് എറണാകുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു ഉടമ വ്യാപകമായ തോതിൽ കരിമണൽ കള്ളക്കടത്തിന് കൂട്ടുനിൽക്കുന്നുവെന്നുള്ള വാർത്തകളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. വളരെ വലിയ അപകടങ്ങളും വളരെയേറെ ചിന്താക്കുഴപ്പങ്ങളും സൃഷ്ടിക്കുന്നതും ഗവൺമെന്റിനെയും മന്ത്രിയേയും എൽ.ഡി.എഫ്.-നെയും യു.ഡി.എഫ്.-നെയും ബാധിക്കുന്നതുമായ ധാരാളം വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് സത്യസന്ധമായ രീതിയിൽ ചെയ്യാൻ സാധിക്കുന്ന

ഒരു നിർദ്ദേശം മാത്രമാണുള്ളത്. കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകൾ പരിപൂർണ്ണമായും ഇതിന്റെ ഖനനം ടേക്ക്ഓവർ ചെയ്യണം. ഒരു നിയമ തടസ്സ വുമില്ല. പ്രകൃതിയുടെ സമ്പത്താണ് ഇത്. എന്നാൽ സ്വകാര്യ മേഖലയി ലുള്ള കമ്പനികൾക്ക് ഇത് കൊടുക്കണമെങ്കിൽ ഗവൺമെന്റിന്റെ നിയന്ത്രണ ത്തിൽ ഖനനം ചെയ്യുന്ന കരിമണൽ വില നിശ്ചയിച്ച് അവർക്ക് കൊടുക്കാം. അതിന് തടസ്സമില്ല. അടുത്തകാലത്തായി സി.എം.ആർ.എൽ –ലെ തൊഴിലാ ളികൾ നടത്തിയ ഒരു സമരം വളരെ വിവാദമായി. ആ സമരത്തിൽ എല്ലാ ട്രേഡ് യൂണിയനുകളും പങ്കെടുത്തത് നമുക്ക് ആക്ഷേപിക്കാനാവില്ല. അവിടത്തെ തൊഴിലാളികൾ പറയുന്നു, ഞങ്ങൾക്ക് തൊഴിലില്ല. തൊഴിലില്ലാ ത്തതിനുകാരണം കരിമണൽ കിട്ടാത്തതാണ്. അവർക്ക് കരിമണൽ കൊടുക്കണ്ടേ? കൊടുക്കണം. പക്ഷേ അത് ഖനനം ചെയ്യാൻ പാടില്ല. അവർ ഈ തീരപ്രദേശത്ത് മുഴുവൻ ഭൂമി വാങ്ങിക്കൂട്ടി അത് ഖനനം ചെയ്ത് ഇഷ്ടംപോലെ കൈകാര്യം ചെയ്യുന്നത് ഗുരുതരമായ അപകടമാണ്. അൻപ തിനായിരം കോടി രൂപയുടെ കരിമണൽ കടത്ത് നടത്തിയതായിട്ടുള്ള കണ ക്കുകളാണ് പുറത്തുവന്നിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന് പതിനാ യിരം കോടി രൂപയുടെ നികുതി നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന് സംവിധാനങ്ങളില്ലേ? പോലീസുണ്ട്, അതിനാവശ്യമായ ഉദ്യോഗസ്ഥന്മാരുണ്ട്, ഖനനംചെയ്യുന്നതും ചെയ്യാതിരിക്കുന്നതും അറിയാനും പരിശോധിക്കാനുമുള്ള സ്ക്വാഡുകളുണ്ട്, കള്ളന്മാരെ പിടിക്കാനുള്ള സംവി ധാനങ്ങളുണ്ട്, കള്ളക്കടത്ത് തടയാനുള്ള നിയമങ്ങളുണ്ട്. ഒരു ഗവൺമെന്റ് നിലവിലുള്ളപ്പോൾ നിയമങ്ങളെല്ലാം കാറ്റിൽ പറത്തി ഗവൺമെന്റ് മെഷിന റിയെ നിശ്ചലമാക്കി കൊള്ള നടത്തുന്നതിനെ കണ്ടില്ലെന്ന് നടിക്കുന്നത് ശരി യായ ഒരു സമീപനമല്ല. അതുകൊണ്ട് ഈ സഭയിൽ എന്റെ നിർദ്ദേശം കരിമ

ണൽ ഖനനം പൂർണ്ണമായും കേന്ദ്ര – സംസ്ഥാന ഗവൺമെന്റ് മേഖലയിലേയ്ക്ക് മാറ്റണം. ഫാക്ടറികൾക്ക് ആവശ്യമുണ്ടെങ്കിൽ ന്യായമായ വില നിശ്ചയിച്ചു കൊടുക്കണം. ഇത് അസാദ്ധ്യമായ കാര്യമല്ല. കാരണം, ഇന്ന് ഒരു കണക്ക് പുറത്ത് വന്നിട്ടുണ്ട്, ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ വകുപ്പിൽ നടന്നതാണ്. 59 ഷാപ്പുകൾക്ക് ബാർ ലൈസൻസ് കൊടുത്ത് ലേലം ചെയ്തപ്പോൾ 7000 കോടി രൂപയുടെ ലാഭമുണ്ടായിട്ടുണ്ട്. ഗവൺമെന്റിനുണ്ടായ ആദായമാണ് അത്. ഇതിന്റെ നിയന്ത്രണം ഗവൺമെന്റ് മേഖലയിലായതുകൊണ്ടാണ് നമുക്ക് ഈ ലാഭമുണ്ടാകുന്നത്. അബ്കാരിയെ നമുക്ക് നിയന്ത്രിക്കാൻ കഴിയുമെങ്കിൽ കരിമണൽ നിയന്ത്രിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല. ഖജനാവിൽ കാശ് ഉണ്ടാകും, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ നന്നായി പ്രവർത്തിക്കും. വമ്പിച്ച സാമ്പത്തിക വരുമാനമുണ്ടാക്കുന്ന ഗൾഫ് രാജ്യങ്ങളിലെ എണ്ണപ്പാടം പോലെയാണ് ഇത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ കാലത്ത് അതുണ്ടാകണം. ഇത് സ്വകാര്യമേഖലയിൽ ഖനനം ചെയ്യാൻ പാടില്ലെന്ന് എൽ.ഡി.എഫ്.–ന്റെ കാലത്ത് ഞങ്ങൾ തീരുമാനിച്ചതാണ്. ആ തീരുമാനം അട്ടിമറിക്കപ്പെട്ടുപോയിട്ടുണ്ട്. അത് പരിശോധിക്കണം. അനാവശ്യമായി ജനങ്ങളുടെ ഇടയിൽ ചിന്താക്കുഴപ്പങ്ങളുണ്ടാക്കാതെയുള്ള പൊതുജനങ്ങളുടെ താൽപ്പര്യമാണ് ഒരു ഗവൺമെന്റിന്റെ താൽപ്പര്യം. ആ നിലയിൽ ഈ രണ്ട് ഗവൺമെന്റുകളും സംയുക്തമായി ആലോചിച്ച് ഇത് ടേക്ക്ഓവർ ചെയ്യുവാൻ, പരിപൂർണ്ണ നിയന്ത്രണം സംസ്ഥാന ഗവൺമെന്റിലാക്കാൻ കേന്ദ്രത്തിന്റെ അനുവാദത്തോടുകൂടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ കരിമണൽ കള്ളക്കടത്തിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. അക്കൂട്ടത്തിൽ അദ്ദേഹം മറ്റ് ചില കാര്യങ്ങൾ കൂടി പറഞ്ഞു. ഇപ്പോൾ കൊല്ലം, ചവറ മേഖലയിൽ നിന്നുള്ള കള്ളക്കടത്ത് ഒട്ടും തന്നെ നടക്കാത്തവിധത്തിലുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് എടുത്തു. ഇപ്പോൾ കരിമണൽ കള്ളക്കടത്ത് നടക്കുന്നില്ല. പഴയ ഹോം മിനിസ്റ്ററായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഇരിപ്പുണ്ട്. ഉയർന്ന പോലീസ് ഓഫീസർമാരെയൊക്കെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മീറ്റിംഗുകൾ നിരന്തരം നടത്തുകയും വളരെ ശക്തമായ നടപടികൾ എടുക്കുകയും ചെയ്തു. മാത്രമല്ല, അതിർത്തിക്ക് അപ്പുറത്ത് തമിഴ്നാട് ഗവൺമെന്റും കള്ളക്കടത്ത് മുതലാളിമാരെയൊക്കെ അറസ്റ്റ് ചെയ്തു. അങ്ങനെ രണ്ടും കൂടിയായപ്പോൾ കള്ളക്കടത്ത് ഇപ്പോൾ നിലച്ചിരിക്കുകയാണ്. ഇപ്പോൾ കരിമണൽ കള്ളക്കടത്ത് ഇല്ലെന്നാണ് പോലീസ് റിപ്പോർട്ടുകളിൽ പറയുന്നത്, തീർത്തും നിലച്ചിരിക്കുകയാണ്. ഇനി നമ്മൾ അത് നിലനിർത്തിയാൽ മാത്രം മതി. പല സ്ഥലങ്ങളിലായി കൂട്ടിയിരുന്ന കരിമണൽകൂന ഇപ്പോഴില്ല. മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകാരെക്കൊണ്ടും കൂടി പരിശോധിപ്പിച്ചിട്ടാണ് ഇപ്പോൾ കള്ളക്കടത്ത് ഇല്ലെന്ന് ഞാൻ പറയുന്നത്. നാളെ മുതൽ ഉണ്ടാകുമോ എന്നറിയില്ല. അത് നിലനിർത്തണം. അതാണ് പ്രശ്നം. വളരെ കോംപ്ലിക്കേറ്റഡായിട്ടുള്ള ഒരു വിഷയമാണ് ഇത്. പല സ്ഥലത്തും ആളുകളുടെ സഹകരണത്തോടുകൂടിയാണ് കള്ളക്കടത്ത് നടക്കുന്നത്. അതാണ് പ്രശ്നം. നമുക്ക് ശ്രമിക്കാം. പൊതുമേഖലയിലേ ഇപ്പോൾ ഖനനമുള്ളൂ. അല്ലാതെ ഖനനമൊന്നുമില്ല. ഐ.ആർ.ഇ. വേണ്ടവിധം ഖനനം ചെയ്യുന്നില്ല. ഐ.ആർ.ഇ. യുടെ സ്വന്തം പ്രശ്നവും ലോക്കലായിട്ടുള്ള പ്രശ്നങ്ങളുമാണ് അതിന് കാരണം.

ഐ.ആർ.ഇ. ഖനനം ചെയ്യണം, ചെയ്താലേ വ്യവസായങ്ങൾക്ക് തൽക്കാലമുള്ള പ്രശ്നം തീരുകയുള്ളൂ. സ്വകാര്യമേഖലയിൽ ഖനനം അനുവദിക്കണമെന്ന് പറഞ്ഞ് സി.എം.ആർ.എൽ.-ന്റെ തൊഴിലാളികൾ നടത്തിയ പ്രക്ഷോഭം, അത് അവരുടെ വീക്ഷണം. പക്ഷേ ഗവൺമെന്റിനെ സംബന്ധിച്ച് ഒരു നയപരമായ തീരുമാനമെടുക്കാൻ ഇതേവരെ സാധിച്ചിട്ടില്ല. ഇത് വലിയൊരു തീരുമാനമാണ്. ഗവൺമെന്റിന് ഒറ്റയ്ക്ക് ഒരു തീരുമാനമെടുക്കാൻ കഴിയുമോ; കഴിയില്ലല്ലോ? അങ്ങനെയൊരു വിഷയം ഇപ്പോഴില്ല. കരിമണൽ കള്ളക്കടത്ത് തടഞ്ഞിരിക്കുന്നു. ഐ.ആർ.ഇ. യെക്കൊണ്ട് കരിമണൽ ഖനനം ചെയ്യിപ്പിച്ച് എല്ലാവർക്കും കൊടുക്കണം. കൊടുത്തില്ലെങ്കിൽ റ്റി.റ്റി.പി. ക്ക് പ്രശ്നമാണ്, കെ.എം.എം.എൽ.-ന് പ്രശ്നമാണ്. റ്റി.സി.സി. യിൽ നിന്ന് സി.എം.ആർ.എൽ. ആസിഡ് വാങ്ങലും മറ്റുമൊക്കെയായി അതൊരു വലിയ ശൃംഖലയാണ്. സി.എം.ആർ.എൽ.-ഉം വർക്ക് ചെയ്യണം. ഇതൊരു ശൃംഖലയാണ്. ഒന്നിനൊന്ന് ബന്ധപ്പെട്ട് കിടക്കുന്നതാണ്. എല്ലാവർക്കും റാ മെറ്റീരിയൽ കൊടുക്കുകയെന്നുള്ളത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഇപ്പോൾ ഖനനം പൊതുമേഖലയിൽ മാത്രമേയുള്ളൂ. അല്ലാത്ത ഒരു നയം ഗവൺമെന്റ് എടുത്തിട്ടില്ല. എടുക്കുന്ന ആലോചനയും ഇപ്പോൾ നടക്കുന്നില്ല. കള്ളക്കടത്ത് തടയുന്നതിനുള്ള വളരെ ശക്തമായ നടപടികൾ ഗവൺമെന്റ് ഇനിയും എടുക്കും. ഇപ്പോൾ കള്ളക്കടത്ത് ഇല്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഐ.ആർ.ഇ.-യിൽ തൊഴിൽ സ്തംഭനമുണ്ട്. അവിടെ ഖനനം ചെയ്യുന്നില്ലെന്ന് അങ്ങ് പറയുമ്പോൾ അവിടെ പത്തയ്യായിരം പേർ തൊഴിൽ നഷ്ടപ്പെട്ട് നിൽക്കുകയാണ്. തൊഴിൽ വകുപ്പു മന്ത്രി ശ്രീ. ഷിബു ബേബിജോൺ, ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി, ഒരു

എഗ്രിമെന്റ് ഒപ്പിട്ടു. മന്ത്രിമാർ എഗ്രിമെന്റ് ഒപ്പിട്ടാൽ അത് ഇംപ്ലിമെന്റ് ചെയ്യാൻ ഒരു നടപടിയുമില്ല. അവിടത്തെ കരയോഗക്കാർ, ട്രേഡ് യൂണി യൻകാർ, മന്ത്രി, എല്ലാ നേതാക്കന്മാരും കൂടിയുണ്ടാക്കിയ എഗ്രിമെന്റിന് കട ലാസ്സിന്റെ വില പോലുമില്ല. ഐ.ആർ.ഇ. ഇപ്പോൾ പൂട്ടിയിട്ടിരിക്കുകയാണ്. അവിടെ കുറെ ഉദ്യോഗസ്ഥന്മാർ മാത്രമേയുള്ളൂ. ലോഡിംഗും അൺ ലോഡിംഗും ഇല്ല, കരിമണൽ വരുന്നില്ല, അതിന്റെ പ്രോസസ്സ് നടക്കുന്നില്ല. കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന്റെ സ്ഥിതിയാണ് ഇത്. ആ സ്ഥാപനം അങ്ങനെ കിടക്കുന്നതിന്റെ പിന്നിൽ ഒരു ദുരുദ്ദേശമുണ്ടെന്നാണ് ആളുകൾ പറയുന്നത്. അത് വേണമെങ്കിൽ സി.എം.ആർ.എൽ– കാർ ഏറ്റെടുക്കാൻ തയ്യാറാണെന്നുള്ള ഒരു വാദം അവിടെയുണ്ട്. അതിന് കേന്ദ്ര ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സംസ്ഥാന വ്യവസായ വകുപ്പുമന്ത്രി അതെല്ലാം ഒന്ന് പരിശോധിക്കണം. ഒരു സ്ഥാപനം സ്ഥിരമായി അടച്ചിടുക, തൊഴിൽരഹിതരാകുക, ജനങ്ങളുടെ സമ്മർദ്ദം വരിക, ഇതൊന്നും ശരിയായ കാര്യങ്ങളല്ല. അവസാനം തൊഴിലാളി പറയും, മാനേജ്മെന്റ് ആരായാലും വേണ്ടില്ല, ഞങ്ങൾക്ക് ജോലി മതി. ആ രീതിയിലേയ്ക്ക് പോകാനുള്ള അപകട സാദ്ധ്യതയുണ്ട്. അടിയന്തിരമായി ഗവൺമെന്റ് ഐ. ആർ.ഇ. യുടെ ആളുകളുമായി ബന്ധപ്പെടണം.

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഐ.ആർ.ഇ. കരിമണൽ ഖനനം ചെയ്യാത്തത് വളരെ മോശം തന്നെയാണ്. ഇക്കാര്യത്തിൽ ഒരുപാട് സമ്മർദ്ദം ഞങ്ങൾ ചെലുത്തിക്കൊണ്ടിരിക്കുന്നു. ഇനിയും വളരെ കർശനമായ നിലയി ലേയ്ക്ക് പോകേണ്ടിയിരിക്കുന്നു. കേരളത്തിൽ ഇത്രയും സ്ഥലങ്ങൾ കയ്യിൽ വച്ച് ഖനനം ചെയ്യാതിരിക്കുന്ന നിലപാട് ശരിയല്ല. വ്യവസായങ്ങളൊക്കെ സീരിയസ്സായി അഫക്റ്റ് ചെയ്യുന്ന കാര്യത്തെക്കുറിച്ചും ഇക്കാര്യത്തിൽ

എങ്ങനെ സമ്മർദ്ദം ചെലുത്താം എന്നുള്ളത് സംബന്ധിച്ചും നമുക്ക് ആലോചിക്കാം. കെ.എം.എം.എൽ.–ന് റാ–മെറ്റീരിയലിന് ഇപ്പോൾ വലിയ പ്രശ്നമില്ല. പുതിയ സ്ഥലങ്ങളൊക്കെ ഓപ്പൺ ചെയ്ത് കിട്ടിയിട്ടുണ്ട്. കമ്പനി ഇപ്പോൾ കുറച്ചുകൂടി മെച്ചപ്പെട്ട നിലയിലേയ്ക്ക് വരികയാണ്. ടി.ടി. പി.–ക്കുകൂടി റാ–മെറ്റീരിയൽ കൊടുക്കാൻ സാധിക്കുമോ എന്നുള്ളത് നോക്കണം. ടി.ടി.പി. ക്ക് തനതായി മൈൻ ചെയ്യാനില്ലാത്തതുകൊണ്ടാണ് പ്രോബ്ലം മുഴുവൻ വരുന്നത്. ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

## സർക്കാർ കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങൾ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, നമ്മുടെ നിയമസഭയിൽ നിരവധി പ്രാവശ്യം ചർച്ചയ്ക്കുവന്ന ഗൗരവമുള്ള വിഷയമായതുകൊണ്ടാണ് ഇങ്ങനെയൊരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ സർക്കാർ ഓഫീസുകളിലും കളക്ടറേറ്റ്, താലൂക്ക് ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവയുടെ പരിസരങ്ങളിലും ഏതാണ്ട് മുപ്പതിനായിരത്തോളം വാഹനങ്ങൾ കേടുവന്ന് നമ്മുടെ രാജ്യത്തിന്റെ പൊതുസ്വത്തു തന്നെ നശിക്കുന്ന രീതിയിൽ കിടക്കുകയാണ്. തിരുവനന്തപുരം, മലപ്പുറം ജില്ലകളിലാണ് ഏറ്റവും കൂടുതൽ വാഹനങ്ങൾ ഇതുപോലെ നഷ്ടപ്പെട്ട് കിടക്കുന്ന സാഹചര്യമുള്ളത്. ഇതുകൊണ്ട് വന്നിരിക്കുന്ന പ്രശ്നം എല്ലാവരും ഇവിടെ പല പ്രാവശ്യം പറഞ്ഞതാണ്. കോടിക്കണക്കിന് രൂപയുടെ ദേശീയ നഷ്ടം വരുന്നു, ഗതാഗത തടസം വരുന്നു, ചില കേന്ദ്രങ്ങളിൽ മോഷണമുണ്ടാകുന്നു. 30,000 രൂപ നഷ്ടപരിഹാരം കൊടുക്കണമെന്ന് തിരുവനന്തപുരത്ത് മനുഷ്യാവകാശ കമ്മീഷന് പറയേണ്ടിവന്നു. ഇങ്ങനെ

യൊരു വലിയ പ്രശ്നം വന്നിട്ട് ഇത് പരിഹരിക്കുന്നതിന് ഒരിക്കൽ പോലീസ് ഡിപ്പാർട്ടുമെന്റ് മുൻകൈ എടുത്തു. ഡി.ജി.പി. വലിയൊരു നിർദ്ദേശം കൊടുത്തു. ഇത്ര വലിയൊരു ജോലി നിർവ്വഹിക്കാനുള്ള മാൻപവർ അവർക്കില്ലെന്ന് പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർ പറഞ്ഞത് അവിടെ നിൽക്കുകയാണ്. ഇതിനൊരു പരിഹാരം എന്താണ് എന്നുള്ളതാണ് പ്രശ്നം. നമ്മളൊരു തീരുമാനമെടുത്ത് പ്രഖ്യാപിച്ചാൽ അത് സമയബന്ധിതമായി നട പ്പിലാക്കാൻ കഴിയണം. അതിനുള്ള ഒരു പരിഹാരമെന്ന നിലയ്ക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് ആലോചിക്കണം. നദീതട സംരക്ഷണ നിയമം 2001-ലാണ് കൊണ്ടുവന്നത്. 2011-ൽ അതിന് ഭേദഗതി കൊണ്ടുവന്നു. ആ ഭേദഗതിയനുസരിച്ച് 23 (എ)-ൽ ഇത് പരിഹരിക്കാൻ സമയം നിശ്ചയിച്ചി ട്ടില്ല. 23 (ബി)-ൽ കളക്ടർക്കുള്ള റിവിഷൻ 15 ദിവസംകൊണ്ട് തീർക്കണ മെന്ന് പറയുന്നു. 23 (സി)-ൽ ജില്ലാ കോടതിയിൽ പോകുന്നതിന് 30 ദിവസം പറയുന്നുണ്ട്. പക്ഷേ ആർ.ഡി.ഒ. ലെവലിൽ ഇത് പരിഹരിക്കുന്നതിന് സമയം നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ട്, പോലീസിന്റെ ജോലിഭാരംകൊണ്ട്, ഇത് റിപ്പോർട്ട് ചെയ്യുന്നതിൽ വരുന്ന കാലതാമസംകൊണ്ട്, അതുപോലെ വാല്യു വേഷന്റെ കാര്യത്തിൽ ആർ.ടി.ഒ. റിപ്പോർട്ട് കൊടുക്കാൻ വൈകുന്നതുകൊ ണ്ടെല്ലാം ഈ രംഗത്ത് ഗുരുതരമായ വീഴ്ചയാണ് വന്നിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ കണ്ടുകെട്ടുന്നതിനെല്ലാം സമ്മറി ഡിസ്പോസൽ വേണമെന്ന് ഇന്ത്യ മുഴുവൻ ബാധകമായ ക്രിമിനൽ പ്രൊസീഡ്യുവർ നിയമത്തിലെ 451 -ാം വകുപ്പിൽ പറയുമ്പോൾ ഈ പ്രശ്നം പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഒരു നിയമമുണ്ടാക്കുകയും കോടിക്കണക്കിന് രൂപ നഷ്ടം വരുന്ന രീതിയിൽ വളരെ ഗുരുതരമായ ഒരു പ്രശ്നം വരികയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ

വകുപ്പുകൾ ഇതിനകത്ത് ബന്ധപ്പെട്ട് കിടക്കുകയാണ്. റവന്യൂ വകുപ്പ് വരുന്നുണ്ട്, പോലീസ് വകുപ്പ് വരുന്നുണ്ട്, അതുപോലെ മറ്റ് ചില വകുപ്പുകളും വരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ വളരെ ഗുരുതരമായ പ്രശ്നമായതുകൊണ്ട് ബഹുമാനപ്പെട്ട പുതിയ ആഭ്യന്തര വകുപ്പുമന്ത്രി, താങ്കളുടെ ആദ്യത്തെ ഒരു നടപടിയെന്ന നിലയ്ക്ക് ഈ പ്രശ്നം പരിഹരിക്കണം. എൽ. പി. സ്കൂളിൽപ്പോകുന്ന കൊച്ചുകുട്ടികൾ വലിയ അപകടങ്ങളിൽപ്പെടുകയാണ്. വൃദ്ധജനങ്ങൾക്കും ഇത് വലിയൊരു ബുദ്ധിമുട്ടാകുന്നു. ഇരുചക്ര വാഹനക്കാർക്ക് നിരവധി അപകടങ്ങളുണ്ടാകുന്നു. എന്തിന് സാമൂഹ്യദ്രോഹികൾപോലും ഇങ്ങനെ ഈ വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്ന സ്ഥലത്തെ തങ്ങളുടെ ഒരു മേച്ചിൽസ്ഥലമാക്കി മാറ്റാൻ പരിശ്രമിക്കുന്നു. നിള പുഴകടന്ന് കുറ്റിപ്പുറം പാലം കടന്നുവരുമ്പോൾ അവിടെ വാഹനങ്ങൾ കൂട്ടിയിട്ട് ഇഴജന്തുക്കൾ പെരുകുകയാണ്. റോഡിലേക്കുപോലും ഇഴജന്തുക്കൾ വരുന്ന രീതിയിൽ കാര്യങ്ങൾ കൈവിട്ടുപോകുകയാണ്. ചില താലൂക്ക് ഓഫീസുകൾക്ക് ചുരുങ്ങിയ സ്ഥലമേ ഉണ്ടാകുകയുള്ളൂ. അവിടെ മുഴുവൻ വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കുകയാണ്. നമുക്ക് വാഹനത്തിൽ പോകാൻ കഴിയുകയില്ല. ഇങ്ങനെ വളരെ നിർഭാഗ്യകരമായ ഒരു സാഹചര്യം ഇവിടെ നിൽക്കുമ്പോൾ, വാല്യുവേഷൻ ഇടുന്ന കാര്യത്തിൽ എല്ലാവർക്കും തർക്കമാണ്. അഴിമതിക്കും അവസരം കിട്ടുന്നുണ്ടെന്നുള്ള പരാതി വരുന്നു. അഴിമതി നടത്തുന്ന ആളുകൾക്ക് താൽപര്യമുണ്ടാകുന്നു. അങ്ങനെയും ഒരു പ്രശ്നം ഇതിലുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് ബന്ധപ്പെട്ട വകുപ്പുകളുടെയെല്ലാം മേൽനോട്ടത്തിൽ ഏറ്റവും കൂടിയാൽ 30 ദിവസത്തിനപ്പുറം ഇത് പോകാൻ ഇടവരരുത്. ഈ കാര്യത്തിൽ വരുന്ന തർക്കങ്ങൾക്ക് തീരുമാനമെടുക്കാൻ സമയബന്ധിത

മായി ഒരു മാസത്തിൽ കൂടാത്ത ഒരു കാലാവധിയിൽ ഈ പ്രശ്നങ്ങൾ മുഴുവൻ പരിഹരിക്കാൻ കഴിയുന്ന രീതിയിൽ കേരളത്തിൽ ഇന്ന് മുഴുവൻ ജനങ്ങളേയും ബാധിക്കുന്ന, എല്ലാ യാത്രക്കാരേയും ബാധിക്കുന്ന ഗുരുതര മായ ഒരു വിഷയമെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട പുതിയ ആഭ്യന്തര വകുപ്പു മന്ത്രി ഈ വിഷയത്തിൽ വ്യക്തിപരമായി ഇടപെട്ട് പ്രശ്നത്തിന് ഒരു ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ ഞാൻ കൊണ്ടുവരുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്ത് വിവിധ കുറ്റകൃത്യങ്ങളിലും അബ്കാരി കേസുകൾ, പ്രൊട്ടക്ഷൻ ഓഫ് റിവർ ബാങ്ക്സ് റെഗുലേഷൻ ആന്റ് സാന്റ് ആക്ട്, എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് എന്നിവ പ്രകാരം പിടിച്ചെടുക്കുന്ന വാഹനങ്ങളും ഏറ്റെടുക്കാൻ ആളില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്ന വാഹനങ്ങളും കേസ് തീർപ്പ് കൽപ്പിക്കുന്ന നിലയിൽ ചിലപ്പോൾ അതിനുശേഷവും വിവിധ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡരികിലും സൂക്ഷിച്ചുവരുന്നു. ഇത്തരം വാഹനങ്ങൾ എത്രയും വേഗം ഡിസ്പോസ് ചെയ്യുന്നതിന് 02–12–2008–ലെ ബഹുമാനപ്പെട്ട ഹൈക്കോടതി നം. എം.എ.സി.എ. 1458/2008 ആയി പുറപ്പെടുവിച്ച നിർദ്ദേശ പ്രകാരം 01–03–2009–ന് മുൻപ് ഇവ ഡിസ്പോസ് ചെയ്യാനായി എല്ലാ വകുപ്പു കൾക്കും നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ 05–01–2009 തീയതി, നം. 89584/ഇ3/2008/ഹോം ആയി സർക്കുലർ പുറപ്പെടുവിച്ചു. തുടർന്ന് ഈ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാ

നായും സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ വിവിധ വകുപ്പ് മേധാവികൾ അംഗങ്ങളായും 11 അംഗ കമ്മിറ്റിയെ 17-04-2012 ലെ ജി.ഒ.(എം.എസ്.) നം. 223/12/ഫിൻ. ഉത്തരവ് പ്രകാരം സർക്കാർ നിയോഗിക്കുകയും ഈ കമ്മിറ്റി മാസംതോറും യോഗം ചേർന്ന് പുരോഗതി വിലയിരുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടി മുതലുകളായ വാഹനങ്ങളിന്മേൽ തീർപ്പുണ്ടാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടുള്ള സർക്കുലർ 03-08-2013 തീയതി നം. 23/2013 ആയി പോലീസ് ആസ്ഥാനത്തുനിന്ന് നൽകിയിട്ടുണ്ട്. 01-03-2009 തീയതി മുതൽ 26-11-2013 തീയതി വരെയുള്ള കാലയളവിൽ സംസ്ഥാന പോലീസ് 44170 വാഹനങ്ങൾ പിടിച്ചെടുത്തതിൽ 27841 വാഹനങ്ങൾ ഡിസ്പോസ് ചെയ്തിട്ടുണ്ട്. ഇതിൽ 13000 വാഹനങ്ങൾ ഡിസ്പോസ് ചെയ്തത് 17-04-2012-ലെ ഉത്തരവിനുശേഷമാണ്. ആകെ ഡിസ്പോസ് ചെയ്ത വാഹനങ്ങളുടെ 56 ശതമാനമാണ് ഇത്. ഈ പ്രക്രിയ ഊർജ്ജിതമാക്കുന്നതിലൂടെ വിവിധ കേസ്സുകളിൽ ഉൾപ്പെട്ട് പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡരികിലും സൂക്ഷിച്ചിരിക്കുന്ന മുഴുവൻ വാഹനങ്ങളും സമീപഭാവിയിൽ തന്നെ ഡിസ്പോസ് ചെയ്യാൻ സാധിക്കുന്നതാണ്. ഇന്നലെ ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടെ യോഗം പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ചേർന്ന സന്ദർഭത്തിൽ ഈ കാര്യം ഗൗരവമായി പരിഗണിക്കണമെന്നും ഇത് അടിയന്തര സ്വഭാവത്തോടുകൂടി മാസത്തിലൊരിക്കൽ ചേരുന്ന യോഗത്തിൽ വിലയിരുത്തി സ്പീഡി ആക്ഷൻ ഉണ്ടാകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഇങ്ങനെ കസ്റ്റഡിയിൽ വരുന്ന വാഹനങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്കുണ്ട്. ആയിരക്കണക്കിന് വാഹനങ്ങൾക്ക് കേടുപാട് വരികയും മോഷണം ചെയ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പിന് മാൻപവർ ഇല്ല എന്ന കാരണത്താൽ ഇത് നീണ്ടുപോകുകയാണ്. അതുകൊണ്ട് ഇതിനകത്ത് സമയബന്ധിതമായി ഏറ്റവും കൂടിയാൽ ഒരു മാസത്തിനുള്ളിൽ ഇതിനൊരു തീരുമാനമെടുക്കുന്നതിന് എന്ത് നിർദ്ദേശമാണ് താങ്കൾ വയ്ക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാമായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല : പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽനിന്നുള്ള നിർദ്ദേശാനുസരണം മാസം തോറും കമ്മിറ്റികൾകൂടി ടൈംബൗണ്ടായി ഈ വെഹിക്കിൾസ് ഡിസ്പോസ് ചെയ്യാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അമ്പത്തിയാറ് ശതമാനമാണ് ഇപ്പോൾ ഇത് വർദ്ധിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ റ്റി. എ. അഹമ്മദ് കബീർ ചൂണ്ടിക്കാണിച്ച കാര്യം ഗവൺമെന്റ് ഗൗരവത്തോടെ എടുക്കുന്നു. എല്ലാ മാസവും കൃത്യമായി യോഗം ചേരാനും സമയബന്ധിതമായ നടപടികളുമായി മുന്നോട്ടുപോകാനുമുള്ള നിർദ്ദേശം സർക്കാർ നൽകുന്നതാണ്.

(സബ്മിഷൻ)